Draft #6 of File 40462/AC A1-1/2020/AC A 1 Approved by ASSISTANT REGISTRAR I (ACADEMIC) on 23-Feb-2021 01:30 PM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

ശാന്തൻപാറ ഗവ. കോളേജിന്റെ താൽക്കാലിക അഫിലിയേഷൻ 2020-21 അദ്ധ്യയന വർഷം തുടരുന്നതിന് തീരുമാനിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ 1 സെക്ഷൻ**

നമ്പർ. 1199/AC A 1/2021/എം.ജി.യു  പ്രിയദർശിനി ഹിൽസ്,തീയതി: 26.02.2021

---

*പരാമർശം:*-1. സർവ്വകലാശാല ഉത്തരവ് നം. 6627/എ1/1/2018/അക്കാദമിക് തീയതി.11.09.2018

2. സർവ്വകലാശാല ഉത്തരവ് നം. 421/ACA1/2021/എം.ജി.യു. തീയതി.18.01.2021

3. 30.01.2021 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിറ്റ്സ് ഇനം നം. 41/21.01/210009.

**ഉത്തരവ്**

ഇടുക്കി ജില്ലയിൽ ഉടുമ്പൻചോല താലൂക്കിൽ പൂപ്പാറ കേന്ദ്രമാക്കി ആരംഭിച്ച ശാന്തൻപാറ ഗവ. കോളേജിന് താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി 2018-19 അദ്ധ്യയന വർഷം മുതൽ 2 വർഷത്തേയ്ക്ക് താൽക്കാലിക അഫിലിയേഷൻ നൽകിക്കൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു.

1. കോളേജ് ആരംഭിക്കുന്നതിന് ആവശ്യമായ റവന്യൂ ഭൂമി സർക്കാരിൽ നിന്നും കോളേജിനായി ലഭ്യമാക്കണം.
2. താൽക്കാലികമായി ഒന്നാം സെമസ്റ്റർ ആരംഭിക്കുന്നതിനുള്ള കെട്ടിട സൗകര്യങ്ങൾ ക്രമീകരിക്കണം.
3. കോളേജിനാവശ്യമായ ലബോറട്ടറി,ലൈബ്രറി സൗകര്യങ്ങൾ ക്രമീകരിക്കണം. ലൈബ്രറിയിലേയ്ക്ക് വിഷയ വിദഗ്ധർ നിശ്ചയിട്ടുള്ള 300 പുസ്തകങ്ങൾ വാങ്ങിക്കണം
4. ആവശ്യമായ ശുചിമുറി സൗകര്യങ്ങൾ ക്രമീകരിക്കണം.
5. നിർദ്ദിഷ്ട സ്ഥലത്തു കളിസ്ഥലം ക്രമീകരിക്കണം.
6. പഠന ഭൗതിക സാഹചര്യങ്ങൾ 2 വർഷത്തിനുള്ളിൽ ക്രമീകരിക്കണം.

2019-20 അക്കാദമിക വർഷം ടി കോളേജിന്റെ അഫിലിയേഷൻ കാലാവധി കഴിഞ്ഞതിനാൽ മേൽ പറഞ്ഞിരിക്കുന്ന വ്യവസ്ഥകൾ സംബന്ധിച്ച് കോളേജ് പ്രിൻസിപ്പാളിൽ നിന്നും റിപ്പോർട്ട് തേടിയിരുന്നു. ടി വിഷയത്തിൽ കോളേജ് പ്രിൻസിപ്പാൾ നൽകിയ റിപ്പോർട്ട് പരിഗണിച്ചുകൊണ്ട് ശാന്തൻപാറ ഗവ. കോളേജിന്റെ താൽകാലിക അഫിലിയേഷൻ പുതുക്കുന്നതുമായി ബന്ധപ്പെട്ട് ടി

കോളേജിന്റെ പ്രിൻസിപ്പാൾ, കോളേജ് സ്പോൺസറിംഗ് കമ്മിറ്റി വർക്കിംഗ് ചെയർമാൻ എന്നിവരെ അഫിലിയേഷൻ കമ്മിറ്റി മുൻപാകെ ഹിയറിംഗിന് ഹാജരാകുന്നതിന് നിർദ്ദേശിക്കുവാൻ തീരുമാനിച്ചുകൊണ്ട് പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ നടത്തപ്പെട്ട ഹിയറിംഗിൽ കോളേജ് അധികൃതർ താഴെ പറയുന്ന വിവരങ്ങൾ അഫിലിയേഷൻ കമ്മിറ്റി മുൻപാകെ ബോധിപ്പിച്ചു.

- കോളേജിന് വേണ്ടി കണ്ടെത്തിയ സ്ഥലം കോളേജ് വിദ്യാഭ്യാസ വകുപ്പിന് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.
- ലൈബ്രറിയിലേക്ക് ആവശ്യമായ പുസ്തകങ്ങൾ, ലബോറട്ടറിയിലേക്കുള്ള ഉപകരണങ്ങൾ എന്നിവ വാങ്ങിയിട്ടുണ്ട്. പുതിയവ വാങ്ങുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.
- പുതിയതായി അനുവദിച്ച PG പ്രോഗ്രാമിന് ആവശ്യമായ ക്ലാസ്സ് മുറികൾ ഉണ്ട്.
- 3 മുറികളുള്ള പുതിയ കെട്ടിടത്തിന്റെ പൂർത്തീകരണം പുരോഗമിച്ചു വരുന്നു.
- പഠന ഭൗതിക സാഹചര്യങ്ങൾ സ്ഥലം ലഭ്യമാക്കുന്ന മുറയ്ക്ക് പൂർത്തിയാക്കുന്നതാണെന്ന സത്യവാങ്മൂലം സമർപ്പിച്ചിട്ടുണ്ട്.

പരാമർശം (3) പ്രകാരം കൂടിയ സിൻഡിക്കേറ്റ് യോഗം, ടി സത്യവാങ്മൂലം പരിഗണിച്ച് കൊണ്ട് ശാന്തൻപാറ ഗവൺമെൻറ് കോളേജിലെ കോഴ്സുകളുടെ താൽക്കാലിക അഫിലിയേഷൻ 2020-21 അദ്ധ്യയന വർഷം തുടരുന്നതിനു തീരുമാനിച്ചു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

കാഞ്ചന എൻ നായർ

അസിസ്റ്റന്റ് രജിസ്ട്രാർ 1 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1.പ്രിൻസിപ്പാൾ, ഗവ. കോളേജ്, ശാന്തൻപാറ
2. വിസി/പിവിസി എന്നിവരുടെ പിഎസ് മാർ
3. രജിസ്ട്രാർ/എഫ് ഒ/സി .ഇ എന്നിവരുടെ പി എ മാർ
4. എ ആർ/ഡി ആർ/ജെ ആർ (അക്കാദമിക്)
5. കണ്ടെന്റ് മാനേജ്മന്റ് സെക്ഷൻ
6. എസിസി1/എസിസി2/എ റ്റി ആർ /CITAD/യൂണിവേഴ്സിറ്റി വെബ് സൈറ്റ്
7. കരുതൽ ഫയൽ/റിക്കോർഡ്സ്

ഉത്തരവിൻ പ്രകാരം

Draft #6 of File 40462/AC A1-1/2020/AC A 1 Approved by ASSISTANT REGISTRAR I (ACADEMIC) on 23-Feb-2021 01:30 PM - Page 2
മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

സെക്ഷൻ ഓഫീസർ

Draft #6 of File 40462/AC A1-1/2020/AC A 1 Approved by ASSISTANT REGISTRAR I (ACADEMIC) on 23-Feb-2021 01:30 PM - Page 3

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം